പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 904

08.03.2012 ൽ മറുപടിയ്ക്ക്

## ഒരേ തരത്തിലുള്ള ആഹാര സാധനങ്ങളുടെ വില ഏകീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എസ്. രാജേന്ദ്രൻ | | ശ്രീ ഷിബുബേബി ജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | മധുരമില്ലാത്ത ചായയുടെ വില ഹോട്ടലുകളിലെ വില വിവരപട്ടികയിൽ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; | എ) & ബി) | ഉണ്ട്. ഉപഭോക്തൃ കാര്യ വകുപ്പിന്റെ ജി.ഒ(ആർ.റ്റി) നം. 49/2010/ഉ.ക.വ തീയതി 24-6-2010 |
| ബി) | ഒരേ തരത്തിലുള്ള ആഹാര സാധനങ്ങളുടെ വില ഏകീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; | | |
| സി) | ഈ ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) | ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നുവെന്നും ക്രമക്കേടുകൾ കണ്ടെത്തിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ സപ്ലൈ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ചെയ്യാത്തവർക്കെതിരെ അവശ്യവസ്തു നിയമമനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ